**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2769** **18-03-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **null**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ഭൂരഹിതരായ ആദിവാസികളുടെ എണ്ണം എത്രയാണെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ നിലവിൽ ജനകീയ കമ്മിറ്റി അംഗീകരിച്ച 13 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. മാറനല്ലൂർ - 2, ബാലരാമപുരം - 1, ആര്യങ്കോട് - 1, കള്ളിക്കാട് - 1, വിതുര – 2, തൊളിക്കോട് - 4, ആര്യനാട് - 1, പെരിങ്ങമല – 1. |
| (ബി) | ഇവർക്ക് ഭൂമി പതിച്ച് നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നടപടിക്രമങ്ങളുടെ പുരോഗതി ഏതുവരെയായിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 100.91 ആർ (249.25 സെന്റ്) സ്ഥലം വാങ്ങുന്നതിന് 1,99,90,000/- രൂപ (ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ